**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **17-09-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് മെഡിക്കൽ കോളേജ് സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് മെഡിക്കൽ കോളേജ് സബ് സ്റ്റേഷൻ 110 കെ.വി.ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇപ്രകാരം സബ്സ്റ്റേഷന്റെ ശേഷി ഉയർത്തിയാൽ മെഡിക്കൽ കോളേജിനും പാലക്കാട് നഗരത്തിനും കൂടുതൽ കാര്യക്ഷമായി വൈദ്യുതി വിതരണം ചെയ്യാനാകുമെന്ന കാര്യം പരിഗണിച്ച് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പാലക്കാട് മെഡിക്കൽ കോളേജ് സബ്സ്റ്റേഷൻ 110 kV ശേഷിയിൽ പ്രവൃത്തിക്കുവാൻ കഴിയുന്ന രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ സബ്സ്റ്റേഷനിലേക്ക് ലഭ്യമായിരിക്കുന്നത് 66 kV ലൈൻ മാത്രമാണ്. അതിനാൽ സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി പൂർണമായി പ്രയോജനപ്പെടുത്തുന്നതിന് പ്രസ്തുത ലൈൻ 110kV ആയി ഉയർത്തേണ്ടതുണ്ട്. ലൈൻ ശേഷി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ലൈൻ ശേഷി ഉയർത്തൽ പൂർത്തിയാകുന്നതോടെ, പാലക്കാട് മെഡിക്കൽ കോളേജ് സബ്സ്റ്റേഷൻ പൂർണമായും 110 kV ശേഷിയിൽ പ്രവൃത്തിപ്പിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ